പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 716 — 03.12.2014 - ൽ മറുപടിയ്ക്ക്

<u>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കൂടുതൽ സ്കാനിംഗ് മെഷീനുകളും പരിശോധനാ സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് നടപടി</u>

| <u>ചോദ്യം</u><br>**ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ:** | <u>മറുപടി</u><br>**ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു വർഷം ശരാശരി എത്ര എം.ആർ. ഐ സ്കാനിംഗുകളും സി.റ്റി സ്കാനിംഗുകളും നടത്തി വരുന്നു; | (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു വർഷം ശരാശരി 6000 എം.ആർ. ഐ. സ്കാനിംഗുകളും 36000 സി.റ്റി സ്കാനിംഗുകളും നടത്തി വരുന്നു. |
| (ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തനക്ഷമമായ എത്ര എം. ആർ.ഐ. സ്കാനറുകളും സി.റ്റി സ്കാനറുകളും നിലവിലുണ്ട് ; | (ബി) എം.ആർ. ഐ. സ്കാൻ മെഷീൻ - 1<br>സി.റ്റി. സ്കാൻ മെഷീൻ - 2 |
| (സി) ഗുരുതരമായ രോഗം ബാധിച്ചവർക്കു പോലും മാസങ്ങൾ കാത്തിരുന്നതിനു ശേഷം മാത്രമാണ് പ്രസ്തുത സ്കാൻ പരിശോധനകൾ ലഭ്യമാകുന്നതെന്ന യാഥാർത്ഥ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) അടിയന്തിരമായി എം.ആർ. ഐ., സി.റ്റി സ്കാൻ പരിശോധന വേണ്ടി വരുന്ന രോഗികൾക്ക് അഡ്മിറ്റ് ചെയ്യുന്ന ദിവസമോ തൊട്ടടുത്ത ദിവസമോ തന്നെ ആയത് നടത്തിവരുന്നുണ്ട്. |
| (ഡി) കൃത്യമായ രോഗനിർണ്ണയം യഥാസമയം നടത്താൻ സാധിക്കാത്തതുമൂലം പാവപ്പെട്ട രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) സർക്കാർ മെഡിക്കൽ കോളേജുകളിലെത്തുന്ന എല്ലാ വിഭാഗം രോഗികൾക്കും മെഡിക്കൽ കോളേജിൽ ലഭ്യമായ രോഗ നിർണ്ണയവും ചികിത്സകളും നൽകുന്നുണ്ട്. |
| (ഇ) കൂടുതൽ സ്കാനിംഗ് മെഷീനുകളും പരിശോധനാ സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) പുതുതായി ഒരു എം.ആർ. ഐ. സ്കാൻ മെഷീനും രണ്ട് സി.റ്റി. സ്കാൻ മെഷീനുകളും സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ